# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3201 | | 13.03.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ സംസ്കരണ പദ്ധതികൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | മാലിന്യ സംസ്കരണത്തിനായി കൊച്ചി നഗരസഭ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; | (എ) | ബ്രഹ്മപുരം കേന്ദ്രീകരിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിലെ 6 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ബ്രഹ്മപുരത്ത് തന്നെ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിനുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിച്ച് വരുന്നു. |
| (ബി) | ഖരമാലിന്യ സംസ്കരണത്തിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | പ്രധാനമായും വിൻഡ്രോ കംപോസ്റ്റ് സിസ്റ്റം പ്രകാരം മാലിന്യം വളമാക്കി വില്പന നടത്തിവരുന്നു. |
| (സി) | നഗരസഭ പരിധിയിലെ ഖരമാലിന്യം നീക്കം ചെയ്യുന്നതിന് സ്വകാര്യവാഹനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വാഹനങ്ങൾക്കാണെന്ന് വ്യക്തമാക്കുമോ; | (സി) | നഗരസഭ പരിധിയിലെ ഖരമാലിന്യം നീക്കം ചെയ്യുന്നതിന് വാടക ലോറികൾ വിതരണം ചെയ്യുന്നതിന് കരാർ നൽകിയിരിക്കുകയാണ്. കരാറുകാരൻ ദിനംപ്രതി ശരാശരി 35 ലോറികളിലായാണ് പ്രസ്തുത മാലിന്യം ബ്രഹ്മപുരം പ്ലാന്റിൽ എത്തിക്കുന്നത്. |
| (ഡി) | കഴിഞ്ഞ നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ സംസ്കരിച്ച ഖരമാലിന്യത്തിന്റെ അളവെത്രയെന്ന് അറിയിക്കാമോ? | (ഡി) | നവംബർ 2016 – 5885.315 ടൺ<br>ഡിസംബർ 2016 – 6342.370 ടൺ<br>ജനുവരി 2017 – 6148.205 ടൺ |

സെക്ഷൻ ഓഫീസർ